# പദപരിചയം

അക്ഷയം - ക്ഷയിക്കാത്ത
അക്ഷരം - ക്ഷരമല്ലാത്ത, നാശമില്ലാത്ത
അഗ്നിഹോത്രഗൃഹം - അഗ്നിഹോത്രം എന്ന യാഗം ചെയ്യുന്ന സ്ഥലം
അടവി - കാട്
അടുത്തൂൺ - പെൻഷൻ
അണ്ണാച്ചി - അണ്ണൻ, ജ്യേഷ്ഠൻ
അതിവാദം - അതിരുകടന്ന വാദം
അധിവാസം - പാർപ്പ്, താമസം
അതിസ്വസ്ഥൻ - ചലനമറ്റവൻ (മരണത്തിന്റെ സൂചന)
അദമ്യം - ദമം ചെയ്യാനാവാത്ത, അടക്കാനാവാത്ത
അദൃഷ്ടപൂർവം - മുമ്പ് കണ്ടിട്ടില്ലാത്തത്
അധരീകരിക്കുക - താഴെയാക്കുക, കീഴ്പ്പെടുത്തുക
അധസ്ഥിതൻ - കീഴാളൻ, താഴേക്കിടയിലുള്ളവൻ (അധഃ+സ്ഥിതൻ)
അനന്തരവൻ - അനന്തര + അൻ. കാരണവരുടെ പിറകെ വരേണ്ടവൻ എന്ന അർഥത്തിൽ പ്രയോഗം. മരുമക്കത്തായത്തിൽ ആ അവകാശം മരുമകനായതു കൊണ്ട് ശബ്ദത്തിന് മരുമകൻ എന്നർഥമായി.
അനന്തപഥങ്ങൾ - അവസാനമില്ലാത്ത വഴികൾ (അൻ + അന്തം), പഥം - വഴി
അനാര്യം - ആര്യമല്ലാത്തത്, ശ്രേഷ്ഠമല്ലാത്തത്
അനിവാര്യത - നിവാരണം ചെയ്യാനാവാത്ത, ഒഴിവാക്കാനാവാത്ത അവസ്ഥ
അനുമതി - സമ്മതം
അന്ത്യജൻ - ജാതിശ്രേണിയുടെ അന്ത്യത്തിൽ (താഴേപ്പടിയിൽ) ജനിച്ചവൻ
അപത്യം - സന്തതി
അപത്രപ - നാണം കെട്ട, ത്രപ - ലജ്ജ
അപഥസഞ്ചാരം - അരുതാത്ത വഴിയിലെ യാത്ര
അഭംഗുരം - നാശമില്ലാത്തത്
അമ്പിളിപ്പൂവട - അടയുടെ അരുമത്തവും രുചിയും എല്ലാം സൂചിപ്പിക്കുന്ന പ്രയോഗം (പൂ + അട = പൂവട)
അരി - ശത്രു (നെല്ലരി, ധാന്യമണി)
അർധമൗനി - അല്പം മാത്രം സംസാരിക്കുന്നവൻ
അല്ലാഹുത്തആല - ഉന്നതനായ ദൈവം
അവമാനന - അവമാനിക്കൽ
അവ്യത്യയം - വ്യത്യയം കൂടാതെ, ഭേദം കൂടാതെ
അസാന്നിധ്യം - അടുത്ത് ഇല്ലാതിരിക്കൽ (X സാന്നിധ്യം)
അംഗസ്നാനം - നമസ്കാരത്തിനു മുമ്പ് അംഗങ്ങൾ വൃത്തിയാക്കൽ
ആകർണ്യ - കേട്ടിട്ട്
ആത്മഗതം - അവനവനോടു തന്നെയുള്ള പറയൽ, അവനവനിലേക്കു തന്നെ ഗമിക്കുന്നത്
ആനനം - മുഖം
ആനന്ദാശ്രു - ആനന്ദം കൊണ്ടുള്ള അശ്രു (അശ്രു-കണ്ണീർ)
ആയസയന്ത്രം - അയസ്സുകൊണ്ടുള്ള യന്ത്രം (അയസ്സ് - ഇരുമ്പ്)
ആരക്തനേത്രൻ - ചുവന്നു തുടുത്ത കണ്ണോടുകൂടിയവൻ
ആരണൻ - ബ്രാഹ്മണൻ
ആര്യപുത്രൻ - ആദരസൂചകമായ സംബോധന, ഭർത്താവ്, ശ്രേഷ്ഠൻ
ആര്യമാവ് - സൂര്യൻ
ആർദ്രൻ - അലിവുള്ളവൻ

| | |
|---|---|
| ആശിസ്സ് | - ആശംസ |
| ആസക്തി | - ആഗ്രഹം |
| ആഹവം | - യുദ്ധം |
| ഇംപ്രിമാത്തൂർ | - അധികാരസ്ഥാനത്തുനിന്നുള്ള ഔദ്യോഗികമായ അംഗീകാരം, പൗരോഹിത്യത്തിന്റെ അംഗീകാരം |
| ഇത്ഥം | - ഇപ്രകാരം |
| ഇഹലോകം | - ഈ ലോകം (x പരലോകം) |
| ഇള | - ഭൂമി, മണ്ണ് |
| ഈർഷ്യ | - കോപം, അന്യന്റെ ഉയർച്ചയിൽ ഉണ്ടാകുന്ന അസഹ്യത |
| ഉഗ്രശാസനം | - കടുത്ത കല്പന |
| ഉച്ചാവചങ്ങൾ | - ഉയർന്നതും താഴ്ന്നതും (ഉച്ച + അവച. ഉച്ച - ഉയർന്ന, അവച - താഴ്ന്ന) |
| ഉടയാട | - ഉടുവസ്ത്രം |
| ഉത്തമശ്ലോകൻ | - പുണ്യശ്ലോകൻ, പുണ്യചരിതൻ (ഇവിടെ ശ്രീകൃഷ്ണൻ) ശ്ലോകം - യശസ്സ് |
| ഉദഗ്രപാണി | - ആക്രമണകാരി, കൈ ഉയർത്തി നിൽക്കുന്നവൻ (ഉദഗ്രം - ഉയർന്ന അഗ്രത്തോടുകൂടിയ (ഉത് + അഗ്രം) |
| ഉദ്യോഗസ്ഥശ്രേണി | - ഉദ്യോഗസ്ഥവൃന്ദം (ശ്രേണി - കൂട്ടം, ശ്രേണി > ഏണി) |
| ഉന്മൂലനം ചെയ്യുക | - വേരോടെ പിഴുതുകളയുക |
| ഉപജാപം | - ഏഷണി, ഗൂഢാലോചന |
| ഉൽപതിഷ്ണു | - മേലോട്ടുചാടാൻ മോഹിക്കുന്നവൻ, പുരോഗമനവാദി (x യാഥാസ്ഥിതികൻ) |
| ഉൽബുദ്ധത | - ഉണർവ് |
| ഉഴറ്റ് | - ഉഴറൽ, തിടുക്കം |
| എതിർധ്രുവം | - എതിർപ്പിന്റെ അങ്ങേയറ്റം, വിപരീത ധ്രുവം |
| എത്തിപ്പെടുക | - സംഗതിവശാൽ എത്തിച്ചേരുക. 'പെടുക' എന്ന അനുപ്രയോഗം കൊണ്ടുണ്ടാവുന്ന ഈ അർഥഭേദം ശ്രദ്ധിക്കുക. |
| ഓൻ | - അവൻ (പ്രാദേശിക പ്രയോഗം) (അകാരത്തെ തുടർന്ന് വകാരം വന്നാൽ കൂടിച്ചേർന്ന് ഓ എന്ന് പറയുന്നു) |
| കണം | - തുള്ളി |
| കബൂലാക്കുക | - സ്വീകരിക്കുക |
| കണ്ടവാറ് | - കണ്ടപ്പോൾ (പ്രാചീനപ്രയോഗം; കണ്ടാറേ എന്ന് പ്രാദേശിക പ്രയോഗവുമുണ്ട്). |
| കാലാതിവർത്തി | - കാലത്തെ അതിവർത്തിക്കുന്നത്, അതിവർത്തിക്കുക - കടന്നു നിൽക്കുക |
| കലുഷിതം | - കലങ്ങിയത് |
| കറമ്പി | - കറുത്തവൾ (x വെളുമ്പി) (എലുമ്പി, കൊലുമ്പി, കുറുമ്പി എന്നിങ്ങനെയുള്ള പ്രയോഗങ്ങളും ശ്രദ്ധിക്കുക) |
| കിസ്സ | - കഥ, നാട്ടുവർത്തമാനം |
| കുതിരപ്പവൻ | - കുതിരയുടെ ചിഹ്നമുള്ള ഒരു പവൻ, സ്വർണനാണയം |
| കുണ്ഠിതം | - ദുഃഖം, വിഷമം |
| കുശസൂചി | - ദർഭപ്പുല്ലിന്റെ മുന |
| കുറച്ചീസം | - കുറച്ചു ദിവസം (നാടൻ പ്രയോഗം) |
| കൊടുംതാപം | - കൊടിയ താപം, വലിയ ചൂട്, വലിയ ദുഃഖം |
| കോപ്പിരാട്ടി | - കോമാളിത്തം |
| ക്ഷേത്രോപജീവികൾ | - ക്ഷേത്രത്തെ ആശ്രയിച്ചു ജീവിക്കുന്നവർ |
| ക്രൗര്യം | - ക്രൂരത |
| ഗണം | - കൂട്ടം |
| ഗളം | - കഴുത്ത്, തൊണ്ട |

| | |
|---|---|
| ഗാർഹികത്തർക്കം | - കുടുംബവഴക്ക് |
| ഗുണോദാരൻ | - ഗുണം കൊണ്ട് ഉദാരനായവൻ |
| ഗുരുതരം | - കൂടുതൽ ഗൗരവമുള്ളത് (ഗുരു>ഗുരുതരം>ഗുരുതമം- അതിശായനരൂപങ്ങൾ) |
| ഗൃഹച്ഛിദ്രം | - വീട്ടുവഴക്ക് |
| ഘൃണ | - കാരുണ്യം, ദയ |
| ഘോഷിക്കുക | - ഉറക്കെപ്പറയുക |
| ഘ്രാണേന്ദ്രിയാരാമർ | - സുഗന്ധം മാത്രം പരിഗണിക്കുന്നവർ (മൂക്കിനെ സന്തോഷിപ്പിക്കുന്നവർ) |
| ചഞ്ചലചിത്തൻ | - ഇളകിയ മനസ്സോടു കൂടിയവൻ |
| ചമയിക്കുക | - അലങ്കരിക്കുക |
| ചരണച്ചെഞ്ചാറ് | - കാലിൽ അണിയുന്ന ചുവന്ന നിറക്കൂട്ട്; ചരണ + ചെഞ്ചാറ് |
| ചരാചരം | - ചരങ്ങളും അചരങ്ങളും (ചലനമുള്ളതും ഇല്ലാത്തതും) |
| ചാക്രികചലനം | - ചക്രരൂപത്തിലുള്ള ചലനം |
| ചാടുക | - വലിച്ചെറിയുക (പ്രാദേശിക പ്രയോഗം) |
| ചുറ്റുവട്ടം | - പരിസരം |
| ചൂതം | - തേന്മാവ് |
| ചൂഴെ | - ചുറ്റും |
| ചെടിക്കുക | - മടുക്കുക |
| ചേതന | - ആത്മാവ്, ജീവൻ |
| ചോലമരം | - തണൽവൃക്ഷം |
| ഝടിതി | - പെട്ടെന്ന് (ഝട് + ഇതി) |
| ജലസേകം | - വെള്ളം നനയ്ക്കൽ |
| ജാതി | - പിച്ചകം |
| ജാമാതാവ് | - മകളുടെ ഭർത്താവ് |
| ജാലം | - കൂട്ടം |
| ജാസ്തി | - കൂടുതൽ |
| ജ്ഞാതികൾ | - ബന്ധുക്കൾ (അച്ഛൻ വഴിയുള്ള) |
| ജ്യോത്സ്ന | - ചന്ദ്രിക, നിലാവ് |
| തണ്ണീർ | - തണുത്ത വെള്ളം (തൺ + നീർ) |
| തണ്മ പൂണ്ടു | - മരവിച്ചു (തണുത്ത അവസ്ഥയിലെത്തി) |
| തന്മുന്നൽ | - തന്റെ മുന്നിൽ (മുന്നൽ - പ്രാചീനപ്രയോഗം) |
| താതകാശ്യപൻ | - പിതൃതുല്യനായ കാശ്യപൻ (കാശ്യപൻ - കണ്വൻ) |
| താതൻ | - പിതാവ് |
| താന്തൻ | - ക്ഷീണിതൻ |
| തിരസ്കരിക്കുക | - തള്ളിക്കളയുക |
| തിരിയും | - മനസ്സിലാവും (പ്രാദേശിക പ്രയോഗം) |
| ദത്തുപുത്രൻ | - ദത്തെടുത്ത മകൻ, പൂർവബന്ധങ്ങളുപേക്ഷിച്ച് പുതുതായി അവകാശമേറ്റയാൾ |
| ദശാന്തരേ | - അവസരത്തിൽ, സമയത്ത് |
| ദിക്കാലാതിവർത്തി | - ദിക്കിനെയും കാലത്തെയും അതിവർത്തിക്കുന്നത് (അതിവർത്തിക്കുക-കടന്നുനിൽക്കുക) |
| ദിവാകരൻ | - സൂര്യൻ, ദിനകരൻ, ആദിത്യൻ, ആര്യമാവ്, സവിതാവ് |
| ദീനം | - രോഗം |
| ദുനിയാവ് | - ലോകം |
| ദുരധികാരപ്രമത്തത | - അധികാരപ്പുളപ്പ്, ദുഃ+അധികാരം- ദുരധികാരം |
| ദുരാർജിതവിത്തം | - ചീത്ത വഴിയിലൂടെ നേടിയ ധനം (ദുഃ+ആർജിത+ വിത്തം) |
| ദൃഷ്ടാന്തം | - ഉദാഹരണം |

ദൈന്യം - ദീനത, വല്ലായ്മ, (ദീനത, ദൈന്യം എന്നിവ നാമരൂപങ്ങൾ. ദൈന്യത എന്നത് തെറ്റായ പ്രയോഗമാണ് - ജാള്യത, പ്രാധാന്യത മുതലായ വയെപ്പോലെ)

ദ്യോതിപ്പിക്കുക - പ്രകാശിപ്പിക്കുക, കാണിക്കുക

ധൈഷണികം - ധിഷണയുമായി ബന്ധപ്പെട്ടത്, ധിഷണ - ബുദ്ധി

നഗാര - മുൻകാലങ്ങളിൽ മുസ്‌ലിം പള്ളികളിൽ നമസ്കാരസമയം അറിയിക്കാൻ ഉപയോഗിച്ചിരുന്ന വാദ്യം

നമ്രിതം - നമ്രമാക്കപ്പെട്ടത്, കുനിഞ്ഞത്

നവമാലിക - പുതുതായി പൂത്ത മുല്ല

നിന്ദനീയം - നിന്ദിക്കപ്പെടേണ്ടത്, നിന്ദിക്കത്തക്കത് (X വന്ദനീയം)

നിമഗ്നൻ - മുഴുകിയവൻ

നിമന്ത്രിക്കുക - പതുക്കെപ്പറയുക

നിദർശനം - തെളിവ്, ഉദാഹരണം

നിർഘൃണൻ - ഘൃണ ഇല്ലാത്തവൻ (ദയ ഇല്ലാത്തവൻ)

നിർദ്ദന്തം - ദന്തമില്ലാത്ത, പല്ലില്ലാത്ത

നിർന്നിമേഷമായ് - ഇമവെട്ടാതെ

നിശിതം - മൂർച്ചയേറിയത്

നിശ്ചിന്തൻ - യാതൊരു ചിന്തയുമില്ലാത്തവൻ

നിഷ്കൃഷ്ടം - നിഷ്കർഷയോടു കൂടിയത്, കൃത്യമായി

നിസ്വർ - ഒന്നുമില്ലാത്തവർ, (സ്വം-സ്വത്ത്, ഉദാ: ദേവസ്വം-ദേവന്റെ സ്വത്ത്)

നിസ്സംഗൻ - ഒന്നിലും പ്രത്യേക താൽപര്യമില്ലാത്തവൻ

നീരസക്കറ - നീരസംകൊണ്ടു മുഖത്തുണ്ടാകുന്ന ഭാവവ്യത്യാസം

നൊസ്സ് - ചെറിയ തോതിലുള്ള ഭ്രാന്ത്

പടുതരകോകിലകൂജിതങ്ങൾ - മിടുക്കുകൂടിയ കുയിലുകളുടെ കൂവലുകൾ. പടു - സമർഥം. പടു>പടുതരം>പടുതമം-അതിശായനരൂപങ്ങൾ

പട്ടമഹിഷീസ്ഥാനം - രാജാവിന്റെ പ്രധാന പത്നി എന്ന സ്ഥാനം

പർണശാലാന്തേ - പർണശാലയുടെ അകത്ത്

പർണശാല - മഹർഷിമാരുടെ പുര, ഉടജം, തൃണപർണാദികളാൽ നിർമിതമായ ശാല

പതിക്കുക - വീഴുക

പതിഗേഹം - പതിയുടെ ഗേഹം, ഭർത്തൃഗൃഹം

പയഃകണങ്ങൾ - നീർത്തുള്ളികൾ, ജലകണികകൾ (പയസ്സ് - ജലം)

പരകോടി - പരമകാഷ്ഠ, ഏറ്റവും ഉയർന്ന സ്ഥാനം

പര്യവേക്ഷണം - കണ്ടെത്താനുള്ള സഞ്ചാരം

പല്ലവം - തളിര്

പല്ലവഗ്രാഹി - പല്ലവം ഗ്രഹിക്കുന്നവൻ, തളിര് എടുക്കുന്നവൻ എന്നർഥം (ശൈലി) എളുപ്പമുള്ളതു മാത്രം സ്വീകരിക്കുന്നവൻ, ആഴത്തിലേക്കു പോകാത്തവൻ

പവിത്രം - പരിശുദ്ധം

പള്ള - വയറ്, കുന്നിന്റെ പാർശ്വം

പദവിന്യാസജധ്വനി - പദവിന്യാസത്തിൽ നിന്ന് ജനിക്കുന്ന ധ്വനി, കാൽവെപ്പിൽ നിന്ന് ഉണ്ടാവുന്ന ശബ്ദം

പാണ്ടി - പാണ്ടിനാട്ടിൽ നിന്നുള്ളവൻ, തമിഴ്നാട്ടുകാരൻ

പാരം - ഏറെ

പാവകൻ - അഗ്നി

പിബരേരാമരസം - അല്ലയോ സുഹൃത്തേ രാമരസം കുടിക്കൂ (കർണാടകസംഗീതത്തിലെ ഒരു കീർത്തനം)

പീയൂഷം - അമൃതം

| | |
|---|---|
| പുടവ | - വസ്ത്രം |
| പുറമ്പാളി | - പുറ+പാളി = പുറപ്പാളി (അകപ്പാളി പോലെ) ഇടയ്ക്ക് അനുസ്വാരം വന്ന് പുറമ്പാളിയായി, മലമ്പുഴ പോലെ, പുളിങ്കുരു പോലെ |
| പുത്രീവിയോഗവ്യഥ | - മകളെ വേർപിരിയുമ്പോഴുള്ള ദു:ഖം |
| പൂകുക | - പ്രവേശിക്കുക |
| പൂരിക്കുക | - വർധിക്കുക, നിറയ്ക്കുക |
| പൂർവാപരവൈരുധ്യം | - പൂർവവും അപരവും തമ്മിലുള്ള പൊരുത്തക്കേട് |
| പൂർവികർ | - പണ്ടുള്ളവർ 'പൂർവം' എന്ന ശബ്ദത്തിൽ നിന്ന് ഉണ്ടാവുന്നത് |
| പൃഷ്ഠഭൂമി | - പിന്നാമ്പുറം, പിൻനിലം. കായ്കനിക്കൃഷിക്കും മറ്റുമായി തെളിച്ചെടുത്ത ഭൂമിക്കു പിറകെ അവഗണിക്കപ്പെട്ടുകിടക്കുന്ന ഭൂഭാഗം. (ചിത്രത്തിനു മിഴിവു ചേർക്കാൻ നിറഭേദമുള്ള പശ്ചാത്തലം ആവശ്യമാണല്ലോ). |
| പൃത്ഥ്വീവരൻ | - രാജാവ് |
| പൃത്ഥ്വി | - ഭൂമി, പൃഥ്വി |
| പെയ്യുന്നിതേ | - പെയ്യുകതന്നെ ചെയ്യുന്നു (പെയ്യുന്നു+ഇത്+ഏ). പെയ്യുന്നു എന്ന അർഥത്തിൽ പെയ്യുന്നിതു എന്ന പ്രയോഗം കവിതയിൽ സാധാരണമാണ്. 'ഏ' പ്രത്യേകം ഊന്നൽ നൽകുന്നു. ഉദാ: അവനേ അതു ചെയ്യൂ. |
| പൊഴുത് | - സമയം |
| പോമളവ് | - പോകുന്ന സമയത്ത് (പോം+അളവ്) |
| പ്രഘോഷണം | - ഉച്ചത്തിൽ പറയൽ |
| പ്രക്ഷുബ്ധം | - ഇളകിമറിയുന്നത്, പ്രകർഷേണ ക്ഷോഭിക്കുന്നത് |
| പ്രച്ഛന്നം | - സ്വരൂപം മറച്ചുവച്ച |
| പ്രദ്യോതിച്ചു | - നല്ല പോലെ പ്രകാശിച്ചു |
| പ്രമത്തത | - മത്ത്, അഹങ്കാരം |
| പ്രണയാകുലൻ | - പ്രണയപരവശൻ |
| പ്രഭവസ്ഥാനം | - ഉത്ഭവസ്ഥാനം |
| പ്രഭാവം | - ശക്തി, തപശ്ശക്തി |
| പ്രമാദം | - തെറ്റ് |
| പ്രവഹിക്കുക | - ഒഴുകുക |
| പ്രവാഹം | - ഒഴുക്ക് |
| പ്രാകൃതഭൂമിയാൾ | - പ്രാകൃതയായ ഭൂമി ('ആൾ' എന്ന സ്ത്രീലിംഗപ്രത്യയം ചേർത്ത് ഭൂമിയുടെ സ്ത്രീത്വം ഉറപ്പിക്കുന്നു. ഭൂമിയെ അമ്മയായി കൽപ്പിക്കുകയാണല്ലോ). |
| പ്രാകൃതം | - വെട്ടിവെടുപ്പാക്കാത്തത് (അങ്ങനെയുള്ളിടത്താവുമല്ലോ പാവം തുമ്പ മുളച്ചുനിൽക്കുക) |
| പ്രാന്തം | - അതിർത്തി |
| ബലാൽ | - ബലത്തോടെ (വിധിബലം) |
| ബാണം | - അമ്പ് |
| ഭർത്തൃഗൃഹം | - ഭർത്താവിന്റെ വീട് |
| ഭാവപാരവശ്യം | - ഭാവംകൊണ്ടുള്ള വല്ലായ്മ (ഭാവം - വികാരം) |
| ഭീകരം | - ഭയം ഉണ്ടാക്കുന്നത് |
| ഭയചകിതർ | - ഭയം കൊണ്ടു വിറച്ചവർ |
| ഭീതിജനകം | - പേടിപ്പെടുത്തുന്നത്, ഭയം ജനിപ്പിക്കുന്നത് |
| ഭൗതികം | - ഭൂതത്തോട്/വസ്തുവിനോട് ബന്ധപ്പെട്ടത്. ഐഹികം, ലൗകികം എന്ന അർഥത്തിലും ഉപയോഗിക്കുന്നു (ഇവിടെ 'ഇ' ദീർഘിക്കേണ്ടതില്ല.) (x ആത്മീയം - ഇവിടെ 'ഈ' എന്നു ദീർഘം വേണം) |
| ഭൂതി | - ഐശ്വര്യം |
| ഭൂഷ | - ആഭരണം, അലങ്കാരം |

| | |
|---|---|
| മഗ്‌രിബ് | - അസ്തമയ സമയത്തെ നമസ്കാരം, അസ്തമയം, പടിഞ്ഞാറ് |
| മതാത്മകത | - മതം കലർന്ന ഭാവം (ഭാവാത്മകത, ഗാനാത്മകത മുതലായവ പോലെ) |
| മത്തർ | - മത്തുപിടിച്ചവർ, ലഹരിപിടിച്ചവർ |
| മഥനം | - മഥിക്കൽ, ഇളക്കിമറിക്കൽ |
| മങ്ങലം | - മംഗലം, വിവാഹം (പ്രാദേശിക പദം) |
| മനസ്താപം | - മനോദുഃഖം (മനഃ + താപം. താപം - ദുഃഖം) |
| മദീയം | - എന്റേത് |
| മനനം | - ചിന്തിക്കൽ |
| മനോജ്ഞം | - മനോഹരം |
| മന്ദൻ | - പതുക്കെയായവൻ - കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ കഴിവു കുറഞ്ഞവൻ. മന്തൻ എന്നു തദ്ഭവം |
| മന്ദിതോത്സാഹൻ | - മന്ദിതമായ ഉത്സാഹത്തോടു കൂടിയവൻ, ഉത്സാഹം കുറഞ്ഞവൻ |
| മര്യാദരാമൻ | - ആർക്കും കുറ്റമൊന്നും പറയാനില്ലാത്ത മട്ടിൽ നല്ലവനായി നടക്കുന്നവൻ (ശൈലി) |
| മലക്കുകൾ | - മാലാഖമാർ |
| മലർന്ന | - വിരിഞ്ഞ |
| മഹത്തുക്കൾ | - മഹാത്മാക്കൾ |
| മഹത്ത്വാകാംക്ഷി | - മഹത്ത്വം ആഗ്രഹിക്കുന്നവൻ |
| മഹൽസംഗമം | - മഹാന്മാരുടെ സംഗമം - വലിയ ആളുകളുടെ ചേർച്ച. (ഇതുതന്നെ മഹാസംഗമം എന്നായാൽ അർഥം അൽപം മാറും-മഹത്തായ സംഗമം എന്ന്. (മഹൽഗ്രന്ഥം - മഹാന്റെ ഗ്രന്ഥം, മഹാഗ്രന്ഥം - മഹത്തായ ഗ്രന്ഥം) |
| മഹാർഹം | - വിലപിടിച്ച (അർഹം - വില) |
| മാങ്കൊമ്പ് | - മാവിൻകൊമ്പ് (മാ + കൊമ്പ്) |
| മാനസം | - മനസ്സ് |
| മാമകം | - എന്റേത് (മമ - എന്റെ) |
| മിതഭാഷി | - മിതമായി സംസാരിക്കുന്നവൻ |
| മുഗ്ധം | - മനോഹരം, മോഹിപ്പിക്കുന്നത് |
| മുസ്സാവരി ബംഗ്ലാവ് | - യാത്രക്കാർക്കു വഴിപാർപ്പിനുള്ള താവളം |
| മുസ്സാവരി | - 'മുസാഫിർ' എന്ന പദത്തിന്റെ തദ്ഭവം (മുസാഫിർ - യാത്രക്കാരൻ) |
| മുഷ്ടി | - ചുരുട്ടിപ്പിടിച്ച കൈ |
| മൂല്യച്യുതി | - മൂല്യത്തിന്റെ വീഴ്ച, നാശം (വിലയിടിവ്) |
| മെയ് | - ശരീരം |
| മേദിനി | - ഭൂമി |
| മേനി | - ശരീരം, പൊങ്ങച്ചം, വിളവിന്റെ അളവ് |
| മേവിനാർ | - അവർ സ്ഥിതിചെയ്തു (മേവി + അർ) |
| മേവുക | - സ്ഥിതിചെയ്യുക |
| മ്ലാനം | - മങ്ങിയത് |
| യന്ത്രലഘൂകരണം | - യന്ത്രത്തെ എളിയതാക്കൽ, എളിമപ്പെടുത്തൽ |
| യാനം | - വാഹനം, യാത്ര |
| രാജകീയം | - രാജാവുമായി ബന്ധപ്പെട്ടത് (രാഷ്ട്രവുമായി ബന്ധപ്പെട്ടത്-രാഷ്ട്രീയം) |
| ലജ്ജാചാപലം | - ലജ്ജ കൊണ്ടുള്ള ചപലത, നാണം കൊണ്ട് വിവശയാവുക |
| ലത | - വള്ളി |
| ലാഭേച്ഛ | - ലാഭക്കൊതി, ലാഭ + ഇച്ഛ |
| ലോകാന്തരങ്ങൾ | - മറ്റു ലോകങ്ങൾ - ലോക+അന്തരം, അന്തരം-മറ്റ്, മറ്റൊരു (രൂപാന്തരം, ഗത്യന്തരം) |

| | |
|---|---|
| വഅള് | - ഇസ്‌ലാമിക മതപ്രഭാഷണം |
| വഞ്ചിഭൂപാലൻ | - വഞ്ചിരാജ്യത്തിന്റെ ഭൂപാലൻ, തിരുവിതാംകൂർ രാജാവ് |
| വാതാനുകൂല്യം | - വാതത്തിന്റെ ആനുകൂല്യം, വാതം - കാറ്റ്, ആനുകൂല്യം - അനുകൂലമായിരിക്കുന്ന അവസ്ഥ, അനുകൂലം - അനുസരിച്ചുള്ളത് (x പ്രതികൂലം) |
| വന്യം | - വനവുമായി ബന്ധപ്പെട്ടത് - വെട്ടിയൊതുക്കാത്തത്. കൃത്രിമമാക്കാത്തത്, പ്രാകൃതം |
| വാനവർ | - ദേവന്മാർ |
| വായിച്ചെടുക്കൽ | - വെറുതെ വായിക്കുക എന്നതിനപ്പുറത്ത് തനതായ ഒരു നിഗമനമോ വ്യാഖ്യാനമോ നിരീക്ഷണമോ ഉരുത്തിരിക്കുന്നതിനെ ഉദ്ദേശിക്കുന്നു. അടുത്ത കാലത്തു പ്രചാരം വർധിച്ച ഒരു പ്രയോഗം. |
| വിദ്യുദ്ദീപശോഭ | - വൈദ്യുതദീപത്തിന്റെ ശോഭ (വിദ്യുത് + ദീപം) |
| വിരക്തി | - താൽപര്യമില്ലായ്മ (x രക്തി) |
| വിവർണൻ | - വർണം നഷ്ടപ്പെട്ടവൻ, വിളറിയവൻ |
| വിഷക്കനി | - വിഷമുള്ള കനി (കനി-പഴം) |
| വിസ്മയിക്കുക | - അത്ഭുതപ്പെടുക |
| വിഹരിക്കുക | - തന്നിഷ്ടം പോലെ കളിച്ചുനടക്കുക |
| വീർത്താൻ | - (നെടു) വീർപ്പിട്ടു (അവൻ വീർത്തു) |
| വെള്ളക്കൊടി കാട്ടുക | - തുമ്പപ്പൂവിന്റെ നിറം സൂചിപ്പിക്കുന്നതോടൊപ്പം സമാധാനത്തിന്റെ ചിഹ്നമായ വെള്ള നിറവും സൂചിപ്പിക്കുന്നു. |
| വേപം | - വിറ |
| വ്യത്യസ്തം | - വ്യത്യാസമുള്ളത് (സ്+ത ആണെന്നോർക്കുക. മറ്റുദാഹരണങ്ങൾ അഭ്യസ്തം, വിശ്വസ്തം, ആശ്വസ്തം) |
| വ്രണവിരോപണം | - വ്രണത്തിന്റെ വിരോപണം, മുറിവുണക്കൽ |
| ശബ്ദപഥം | - ശബ്ദത്തിന്റെ വഴി (Sound Track) |
| ശല്യോദ്ധരണം | - അമ്പ് ഇളക്കിയെടുക്കൽ, (ശല്യം - അമ്പ്, മുള്ള്. അമ്പോ മുള്ളോ ശരീരത്തിൽ തറച്ചിരുന്നാൽ ഉണ്ടാകുന്ന അവസ്ഥയ്ക്ക് കുഴപ്പം എന്ന അർഥത്തിൽ ശല്യം പ്രയോഗിക്കുന്നു). |
| ശശാങ്കോജ്ജ്വലം | - ശശാങ്കനെപ്പോലെ ജ്വലിക്കുന്നത്, ചന്ദ്രനെപ്പോലെ തിളങ്ങുന്നത് |
| ശാഖാഗ്രദൃഷ്ടങ്ങൾ | - ശാഖകളുടെ അഗ്രങ്ങളിൽ കാണപ്പെടുന്നവ |
| ശേഷക്കാരൻ | - അനന്തരവൻ, പിന്മുറക്കാരൻ |
| ശോണം | - ചെമന്ന, ചുവന്ന |
| ശ്യാമം | - കറുത്ത, ഇരുണ്ട (ഇരുണ്ട പച്ച) |
| ശ്രാവ്യം | - ശ്രവിക്കപ്പെടേണ്ടത് (ശ്രവ്യം - ശ്രവിക്കത്തക്കത് ) (സംഭവ്യം - സംഭാവ്യം) |
| സഖ്യംതടവിന | - കൂട്ടുകാരനായിത്തീർന്ന |
| സങ്കേതം | - താവളം, ഇരിപ്പിടം (ടെക്നിക് എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായും സങ്കേതം എന്ന പദം ഉപയോഗിക്കുന്നു. അതിൽ നിന്ന് സാങ്കേതികം എന്ന പദവും) |
| സചേതനം | - ചേതനയോടുകൂടിയത് - ജീവനുള്ളത് |
| സത്വസ്ഥസമ്പത്ത് | - ചൈതന്യമാകുന്ന സമ്പത്ത് - സത്വത്തിൽ - ശുദ്ധിയിൽ സ്ഥിതിചെയ്യുന്ന സമ്പത്ത് |
| സപങ്കേരുഹം | - പങ്കേരുഹങ്ങളോടു കൂടിയത് (പങ്കത്തിൽ മുളച്ചത് - പങ്കജം - താമര. പങ്കം - ചളി) |
| സമകാലികൻ | - ഒരേ കാലത്തുള്ളവൻ |
| സമസ്തം | - മുഴുവൻ |
| സമസ്യ | - സങ്കീർണമായ പ്രശ്നം |
| സമിത്ത് | - ചമത |
| സമുച്ചയം | - കൂട്ടം |

| | |
|---|---|
| സമ്രാട്ട് | - രാജാക്കന്മാരുടെ രാജാവ്, ചക്രവർത്തി (രാട്ട് - രാജാവ്) |
| സരസീജാലം | - സരസ്സുകളുടെ കൂട്ടം (സരസ്സ് - പൊയ്ക) |
| സർവസന്നുതൻ | - സർവരാലും സന്നുതൻ |
| സന്നുതൻ | - വേണ്ടപോലെ സ്തുതിക്കപ്പെടുന്നവൻ<br>നുതൻ - സ്തുതിക്കപ്പെടുന്നവൻ |
| സർവാധിപതി | - എല്ലാറ്റിന്റെയും അധികാരി |
| സഹവർത്തിത്വം | - ഒരുമിച്ചു കഴിഞ്ഞുകൂടുന്ന അവസ്ഥ |
| സാമ്പത്തികമാന്ദ്യം | - സമ്പത്തിന്റെ തളർച്ച, ലോകസാമ്പത്തികക്രമത്തിൽ ഉണ്ടാകുന്ന തളർച്ച |
| സിതാംബുജങ്ങൾ | - വെള്ളത്താമരകൾ<br>(സിതം-വെളുത്ത, അംബുജം-താമര) |
| സുഖശയനം | - നല്ല ഉറക്കം (ഉറക്കം സുഖമായോ എന്ന കുശലം ചോദിക്കൽ) |
| സുപ്ര | - വലിയ വിരിപ്പ് |
| സുരക്തമാം കൈ | - ചുവന്നുതുടുത്ത കൈ |
| സൂര്യാതപം | - സൂര്യനിൽ നിന്ന് നേരിട്ട് ഏൽക്കുന്ന വെയിൽ (സൂര്യ + ആതപം),<br>ആതപം - ചൂട് |
| സുവർക്കം | - സ്വർഗം (അറബിമലയാള പദം) |
| സംവേദനീയത | - അറിയാനും അനുഭവിക്കാനും ഉള്ള കഴിവ്, ആ കഴിവ് ഉണ്ടായിരിക്കൽ |
| സംസ്ഥാപിക്കുക | - സമ്യക്കായി (വേണ്ടപോലെ) സ്ഥാപിക്കുക. |
| സ്ഫുടം | - വ്യക്തം |
| സ്നേഹഭംഗം | - സ്നേഹത്തിന്റെ ഭംഗം (ഭംഗം-നാശം) |
| സ്വച്ഛം | - തെളിഞ്ഞ, നിർമലമായ |
| സ്വച്ഛന്ദം | - സ്വന്തം ഇഷ്ടപ്രകാരം |
| സ്വസ്ഥൻ | - സ്വൈരമുള്ളവൻ, സുഖമുള്ളവൻ |
| സ്വാമിൻ | - സ്വാമി എന്ന ശബ്ദത്തിന്റെ സംബോധനാരൂപം |
| സ്നേഹരഹിതമായ | - സ്നേഹമില്ലാത്ത |
| സ്നേഹോദിതം | - സ്നേഹത്തിൽ നിന്ന് ഉദിച്ചത് (സ്നേഹ + ഉദിതം) |
| സ്മര്യപുരുഷൻ | - സ്മരിക്കപ്പെടുന്ന പുരുഷൻ - ഓർമിക്കപ്പെടുന്ന ആൾ (പ്രബന്ധത്തിലും മറ്റും പ്രമേയമാവുന്ന പ്രധാന വ്യക്തിയെ സൂചിപ്പിക്കുന്ന പ്രയോഗം) |
| ഹവിർഗന്ധം | - ഹവിസ്സിന്റെ ഗന്ധം |
| ഹവിസ്സ് | - ഹോമദ്രവ്യം |
| ഹൂറി | - സ്വർഗത്തിലെ സുന്ദരി (അറബി പദം) |
| ഹാർദം | - ഹൃത് - ഹാർദം, ഹൃദയവുമായി ബന്ധപ്പെട്ടത്.<br>(ഹാർദവം എന്നു പ്രയോഗിച്ചുകൂടാത്തതാണ്) |
| ഹൃത്ത് | - ഹൃദയം |
| ഹൃദ്രമൻ | - ഹൃദയത്തെ രമിപ്പിക്കുന്നവൻ (കാമുകൻ) |
| ഹോതാവ് | - ഹോമം ചെയ്യുന്നവൻ |
| ഹംക്ക് | - വിഡ്ഢി |
| റബ്ബ് | - ദൈവം |
| റബ്ബുൽ ആലമീനായ തമ്പുരാനേ | - പ്രപഞ്ചസ്രഷ്ടാവായ ദൈവമേ |
| റിയലിസം | - യഥാതഥവാദം, ഉള്ളത് ഉള്ളതുപോലെ പ്രകടിപ്പിക്കൽ |